തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം – 682 030
ഫോൺ: 0484 – 2422219, ഇ–മെയിൽ : jdlsgdekm@gmail.com

LSGD/JD/EKM/ 1881 /2024-D9 തീയതി : 24/02/2024

## റിപ്പോർട്ട്

വിഷയം :- സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് ജില്ലാ സമിതി – ആലുവ എസ്.എൻ.ഡി.പി. ഹയർ സെക്കണ്ടറി സ്കൂൾ പുതിയതായി പണി കഴിപ്പിച്ച കെട്ടിടം റഗുലറൈസ് ചെയ്തു നൽകുന്നത് സംബന്ധിച്ച് നവകേരള സദസിൽ സമർപ്പിച്ച പരാതി – സംബന്ധിച്ച്

സൂചന :- 1.ആലുവ നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട്
2.ഇന്റേണൽ വിജിലൻസ് ഓഫീസറുടെ റിപ്പോർട്ട്

SNDP യോഗം ആലുവ യൂണിറ്റ് പ്രസിഡന്റ്, ശ്രീ. വി. സന്തോഷ് ബാബു നവകേരള സദസ്സിന് മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ, 1912 ൽ ശ്രീനാരായണ ഗുരുദേവൻ സ്ഥാപിച്ച ആലുവ SNDP സ്കൂൾ, പുതിയ ക്ലാസ് മുറികൾ മുനിസിപ്പാലിറ്റിയുടെ അനുവാദത്തോടെ നിർമ്മിക്കുകയും, നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് ഘട്ടം ഘട്ടമായി ഫിറ്റ്നസ് ലഭിക്കുകയുണ്ടായെന്നും, എന്നാൽ 2020 ൽ കെട്ടിടത്തിന്റെ മുഴുവൻ പണിയും പൂർത്തിയാക്കി ഫിറ്റ്നസിന് അപേക്ഷ നൽകിയപ്പോൾ കവറേജ് കൂറവാണ് എന്ന കാരണം പറഞ്ഞ് ആലുവ നഗരസഭ ഫിറ്റ്നസ് നൽകി റഗുലറൈസ് ചെയ്തു നൽകിയില്ലായെന്നും നഗര വികസനം വന്നപ്പോൾ റെയിൽവേയുടെ ആവശ്യത്തിനായി 25 സെന്റോളം ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുള്ളതാണെന്നും, ആയത് പരിഗണിച്ച് കവറേജിന് ഇളവ് നൽകണമെന്നും പരിമിതമായ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുമ്പോൾ സ്കൂളുകൾക്ക് അനുവദിച്ചിരുന്ന 35% കവറേജ് 50% ആയി ഭേദഗതി ചെയ്തു നൽകണമെന്നും അപേക്ഷിച്ചിരിക്കുന്നു.

മേൽ പരാതിയിൽ ആലുവ നഗരസഭ സെക്രട്ടറി നൽകിയിട്ടുള്ള റിപ്പോർട്ടിൽ 3 നിലകളിലായി നിർമ്മിച്ചിരിക്കുന്ന സ്കൂൾ കെട്ടിടത്തിന് 25(1) പ്രകാരം സെറ്റ് ബാക്ക് ലഭ്യമല്ലായെന്നും പെർമിറ്റ് നൽകിയപ്പോൾ പൊളിക്കുമെന്ന് രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളും പൊളിച്ചു നീക്കിയിട്ടില്ലായെന്നും, കവറേജിന് വ്യതിയാനമുള്ളതിനാൽ സർക്കാരിൽ അപേക്ഷ സമർപ്പിച്ച് റഗുലറൈസ് ചെയ്യുവാൻ അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും കാണുന്നു.

മേൽ സാഹചര്യത്തിൽ ജില്ലാ സ്ഥിരം അദാലത്തിന് തീരുമാനമെടുക്കാൻ സാധിക്കാത്തതിനാൽ ഈ അപേക്ഷ സംസ്ഥാനതല സ്ഥിരം അദാലത്തിലേയ്ക്ക് escalate ചെയ്തു കൊള്ളുന്നു.

24.02.24

കൺവീനർ & അസിസ്റ്റന്റ് ഡയറക്ടർ
സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് ജില്ലാ സമിതി
തദ്ദേശ സ്വയംഭരണ വകുപ്പ്,
എറണാകുളം.

OFFICE OF THE JOINT DIRECTOR, LSGD, ERNAKULAM * CIVIL STATION KAKKANAD